# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5291 — 23.05.2017-ലെ മറുപടിയ്ക്ക്

### ത്രിതല പഞ്ചായത്തുകളിലെ ജീവനക്കാരുടെ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | ത്രിതല പഞ്ചായത്തുകളിലെ ജീവനക്കാരുടെ തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് ഒറ്റ സർവ്വീസ് ആക്കി മാറ്റുന്നതിന് ഉദ്ദേശമുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വകുപ്പുകളെ സംയോജിപ്പിക്കുന്നതിനും ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ 2016 ജനുവരിയിലെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | പ്രഖ്യാപിക്കപ്പെട്ട ഈ സർക്കാർ നയം നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിലേക്ക് ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ, ബന്ധപ്പെട്ട സർവ്വീസ് സംഘടനകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുമായും, അവരുടെ ആശങ്കകളും നിർദ്ദേശങ്ങളും മനസ്സിലാക്കാൻ ചർച്ചകൾ നടത്തിയിട്ടുമുണ്ട്. ഇതിന്റെ വെളിച്ചത്തിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഏകീകൃത വകുപ്പ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്. |

| | |
|---|---|
| (സി) ഒറ്റ സർവ്വീസ് ആക്കി മാറ്റുന്നതു കൊണ്ട് എന്തൊക്കെ ഗുണങ്ങളാണ് ലഭ്യമാകുക; വിശദാംശം വ്യക്തമാക്കുമോ? | (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സേവനം നേരിട്ട് ലഭ്യമാക്കുക എന്നതാണ് ഒരു പൊതുസർവ്വീസ് ഉണ്ടാക്കുക എന്ന ആശയത്തിന്റെ ലക്ഷ്യം. അധികാരവികേന്ദ്രീകരണത്തിന്റെയും അധികാര കൈമാറ്റത്തിന്റെയും പ്രയോജനം പൂർണ്ണതോതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകും എന്നതാണ് ഇതിന്റെ ഗുണം. |

Beena

സെക്ഷൻ ഓഫീസർ